# കേരള സർക്കാർ

## സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് – കോവിഡ് 19 – ഉന്നതവിദ്യാഭ്യാസമേഖല പ്രവർത്തന സജ്ജമാക്കുന്നതിനും അധ്യയനം തടസ്സപ്പെടാതിരിക്കുവാനും ക്ലാസ്സുകളുടെ സമയക്രമം സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(കൈ)നം.199/2020/ഉ.വി.വ തീയതി, തിരുവനന്തപുരം,28-05-2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

## ഉത്തരവ്

ഉന്നത വിദ്യാഭ്യാസ രംഗത്ത് കോവിഡ് 19 വ്യാപനം ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ ആധുനിക സാങ്കേതിക സംവിധാനങ്ങളും നവീന പഠന മാതൃകകളും നടപ്പിലാക്കുവാനും പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ വഴി പുനഃക്രമീകരിക്കുന്നതിനും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അധ്യാപകരും തയ്യാറാകേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എല്ലാ കോളേജുകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അധ്യയന ദിനങ്ങൾ നഷ്ടമാകാത്ത വിധത്തിൽ 2020 ജൂൺ 1 മുതൽ താഴെ പറയുന്ന നിബന്ധനകൾ പാലിച്ച് കൊണ്ട് ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അടുത്ത അധ്യയന വർഷം (2020-21) ക്ലാസ്സുകളുടെ സമയക്രമം രാവിലെ 8.30 മുതൽ ഉച്ചക്ക് 1.30 വരെയായിരിക്കുന്ന-താണ്.
2. 2020 ജൂൺ 1-മുതൽ രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയുള്ള സമയക്രമമനുസരിച്ച് ഓൺലൈൻ ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.
3. താൽപര്യമുള്ള വിദ്യാർത്ഥികളെ ഉച്ചയ്ക്ക് ശേഷം MOOC കോഴ്സിന് പ്രോത്സാഹിപ്പിക്കേ-ണ്ടതാണ്.
4. ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഏതൊക്കെ software ഉപയോഗിക്കാമെന്നത് കുട്ടികളുടെ എണ്ണവും പാഠ്യവിഷയവുമനുസരിച്ച് സ്ഥാപനമേധാവികൾ/ അധ്യാപകർ തന്നെ തീരുമാനിക്കേണ്ടതാണ്. ആയതിലേക്ക് ആവശ്യാനുസരണം, NIC Vidyo Platform, Zoom, Google Class Room, Google meet, Microsoft Team, webix തുടങ്ങിയ വിവിധ വീഡിയോ കോൺഫറൻസിങ്ങ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.
5. ASAP- ന്റെയും ICT അക്കാദമിയുടെയും ORICE ന്റെയും സാങ്കേതിക സംവിധാനങ്ങൾ Online പാഠ്യപ്രവർത്തനങ്ങൾക്കായി പൂർണ്ണമായും സൗജന്യമായി ഉപയോഗിക്കാവുന്നതാണ്.

(PTO)

6. അന്തർ ജില്ലാ ഗതാഗതം പുനരാരംഭിക്കുന്നതുവരെ കോളേജുകൾ സ്ഥിതിചെയ്യുന്ന ജില്ലയിൽ താമസിക്കുന്ന നിശ്ചിത എണ്ണം അദ്ധ്യാപകർ പ്രിൻസിപ്പൽ നിശ്ചയിക്കുന്ന പ്രകാരം റൊട്ടേഷൻ വ്യവസ്ഥയിൽ കോളേജുകളിൽ ഹാജരായും അല്ലാത്തവർ അവരവരുടെ വീടുകളിലിരുന്നും ഓൺലൈൻ ക്ലാസ്സുകൾ നടത്തേണ്ടതാണ്. കൂടാതെ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ record ചെയ്ത് വെബ് സൈറ്റ് മുഖാന്തരം ലഭ്യമാക്കാവുന്നതാണ്.

7. ഓരോ അധ്യാപകനും എടുത്ത ക്ലാസുകൾ സംബന്ധിച്ചും അധ്യാപന രീതികൾ സംബന്ധിച്ചുമുള്ള റിപ്പോർട്ട് ആഴ്ചയിലൊരിക്കൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ, പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതും ആയത് രേഖകൾ സഹിതം ക്രോഡീകരിച്ച് പ്രിൻസിപ്പൽമാർ സൂക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട സമിതികളുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

8. വിദ്യാർത്ഥികൾ ഓൺലൈൻ ക്ലാസ്സുകളിൽ കൃത്യതയോടെ പങ്കെടുക്കുന്നുണ്ട് എന്ന് അധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

9. സ്വന്തം വീടുകളിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് തൊട്ടടുത്ത കോളേജിലോ ലൈബ്രറികളിലോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ ബന്ധപ്പെട്ടവരുടെ അനുമതിയോട് കൂടി പങ്കെടുക്കാവുന്നതാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ എല്ലാ സ്ഥാപനങ്ങൾക്കും (സർക്കാർ എയ്ഡഡ്, സ്വാശ്രയ) ഇതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

10. അതാത് സെമസ്റ്ററുകളിൽ പഠിപ്പിക്കുവാൻ ശേഷിക്കുന്ന പാഠഭാഗങ്ങൾ അധ്യാപകർ നിജപ്പെടുത്തി ഓൺലൈൻ വഴി തീർപ്പാക്കി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

11. ഓരോ കോളേജിലും ഓരോ വിഷയത്തിനും നടപ്പിലാക്കിയ ഓൺലൈൻ ക്ലാസ്സുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് ഡയറക്ടർ feed back നടത്തുന്നതാണ്.

12. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പാഠ്യപ്രവർത്തനങ്ങൾ സുഗമമായി പുനഃരാംരഭിക്കുവാൻ കഴിയുന്നതുവരെ ക്ലാസ്സുകൾ ഓൺലൈൻ ആയി തന്നെ തുടരേണ്ടതാണ്.

13. ബന്ധപ്പെട്ട സർവ്വകലാശാലകളുടെ അക്കാദമിക കലണ്ടർ പ്രകാരം ക്ലാസ്സുകൾ നടക്കുന്നത് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്.

14. അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽപറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് ക്ലാസ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ അതത് സർവ്വകലാശാലകൾക്കും തീരുമാനം കൈക്കൊളളാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷാ ടൈറ്റസ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്

(PTO)

4. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
6. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
7. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
8. ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ